## ദേശീയ കയർ ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട്

45 (4100) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ദേശീയ കയർ ഗവേഷണ വികസന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം വിശദീകരിക്കുമോ ;

(ബി) ഏതൊക്കെ മേഖലകളിലെ ഗവേഷണ പ്രവർത്തനങ്ങളാണ് ഇപ്പോൾ നടക്കുന്നത് ;

(സി) ഏതൊക്കെ കണ്ടുപിടിത്തങ്ങളാണ് കയർ മേഖലയ്ക്കുവേണ്ടി നടത്തിയിട്ടുള്ളതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (എൻ. സി.ആർ.എം.ഐ.) കയർ മേഖലയുടെ വികസനത്തിനായി വിവിധ തരം പരിശീലന ഗവേഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു എൻ.സി.ആർ.എം.ഐ. യുടെ പ്രവർത്തനങ്ങൾ താഴെ വിവരിച്ചിരിക്കുന്ന വിഭാഗങ്ങൾ കേന്ദ്രീകരിച്ചാണ് നടത്തി വരുന്നത്. കേരളത്തിലെ കയർ മേഖലയുടെ അതിവേഗമുള്ള ആധുനികവൽക്കരണത്തിനുള്ള ഗവേഷണ വികസന പ്രവർത്തനങ്ങൾക്കാണ് NCRMI നേതൃത്വം നൽകുന്നത്.

1. ഗവേഷണ പ്രവർത്തനങ്ങൾ

a) യന്ത്രങ്ങളുടെ ആധുനികവൽക്കരണം

കയർ മേഖലയുടെ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി എൻ.സി.ആർ. എം.ഐ. ചകിരി വേർതിരിക്കൽ യന്ത്രം വികസിപ്പിച്ചു. കൂടാതെ കയർ പിരി മേഖലയ്ക്കായി യന്ത്രവൽകൃത കയർപിരി യന്ത്രത്തിന്റെ ഗവേഷണ വികസന പ്രവർത്തനങ്ങൾ എൻ.സി.ആർ.എം.ഐ. യിൽ പുരോഗമിച്ചുവരുന്നു.

b) കയർ ഭൂവസ്ത്രവും വികസന പ്രവർത്തനങ്ങളും

കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗവും പ്രചാരവും വർദ്ധിപ്പിക്കുന്നതിനായി എൻ.സി.ആർ.എം.ഐ. യുടെ നേതൃത്വത്തിൽ കുന്നിൻ ചരിവ് സംരക്ഷണം, താങ്ങ് ചുവര് നിർമ്മാണം, കയർ ഭൂവസ്ത്രത്തിന്റെ സ്റ്റാൻഡർഡൈസേഷൻ, കയർ ഹരിത ഭവനം തുടങ്ങിയ പ്രോജക്ടുകൾ നടത്തിവരുന്നു.

c) അനുബന്ധ ഗവേഷണ പദ്ധതികൾ

ചകിരി നാരിന്റെ മൃദുത്വം വർദ്ധിപ്പിക്കൽ, ബയോ ഡീഗ്രഡേഷൻ പഠനം, സങ്കരയാണ് നിർമ്മാണം, ചകിരിച്ചോറിന്റെ ഉപയോഗം തുടങ്ങിയ ഗവേഷണ പ്രവർത്തനങ്ങൾ എൻ.സി.ആർ.എം.ഐ. യുടെ ലാബിൽ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

## II. പരിശീലന പരിപാടികൾ

എൻ.സി.ആർ.എം.ഐ. യുടെ ആഭിമുഖ്യത്തിൽ കയർ വകുപ്പിലെ ഉദ്യോഗസ്ഥർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും കയർ സൊസൈറ്റികളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും മറ്റ് ജീവനക്കാർക്കും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. കൂടാതെ എൻ.സി.ആർ.എം.ഐ. യുടെ കൊല്ലത്തുള്ള ഹൈടെക് കയർ പാർക്കിൽ കയർ മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് കയർപിരി, കയർ ഭൂവസ്ത്ര നിർമ്മാണം, കയർ ഉൽപ്പന്നങ്ങളുടെ പരിശീലനം എന്നിവ നൽകിവരുന്നു. ഇതുകൂടാതെ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി വിവിധ പഞ്ചായത്തുകളിൽ കയർപിരി/കയർ ഉൽപ്പന്ന നിർമ്മാണ പരിശീലനവും നൽകുന്നു.

## III. സാങ്കേതികോപദേശ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ

എൻ.സി.ആർ.എം.ഐ. കേരളത്തിലെ കയർ ഉൽപ്പന്നങ്ങൾക്കുവേണ്ടി ബ്രാൻഡ് ബിൽഡിംഗ് പ്രവർത്തനങ്ങൾ നടത്തി വരുന്നു. കേരള കയർ ഗോൾഡൻ യാൺ ഓഫ് ഗോഡ്സ് ഓൺ കൺട്രി എന്ന ബ്രാന്റ് കേരളത്തിലെ കയറിനും കയർ ഉൽപ്പന്നങ്ങൾക്കും ലഭിച്ചിട്ടുണ്ട്. കൂടാതെ എൻ.സി.ആർ.എം.ഐ. യുടെ ഗവേഷണ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനായി പ്രദർശന മേളകൾ സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്യുന്നു, അതോടൊപ്പം എൻ.സി.ആർ.എം.ഐ. കയർ മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സാങ്കേതികോപദേശവും കയർ മാർക്കറ്റിംഗ് കൺസോർഷ്യത്തിന്റെ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. പ്രോജക്ട് റിപ്പോർട്ടുകളും തയ്യാറാക്കി നൽകുന്നുണ്ട്.

(ബി) കേരളത്തിലെ കയർ മേഖലയുടെ വികസനത്തിന് ഊന്നൽ നൽകികൊണ്ട് എൻ.സി.ആർ.എം.ഐ. താഴെ പറയുന്ന ഗവേഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു.

കേരളത്തിൽ അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന ചകിരിനാരിന്റെ ക്ഷാമം പരിഹരിക്കുന്നതിനായി എൻ.സി.ആർ.എം.ഐ. യുടെ ഗവേഷണ ഫലമായി ചകിരി വേർപെടുത്തൽ യന്ത്രം വികസിപ്പിച്ചെടുത്തു. ഈ യന്ത്രത്തിന്റെ സഹായത്തോടെ ഗുണമേന്മയേറിയ ചകിരി നാരുകൾ കുറഞ്ഞ സമയത്തിനുള്ളിൽ തൊണ്ടിൽ നിന്നും വേർതിരിക്കുവാൻ സാധിക്കുന്നു. കൂടാതെ ചകിരിനാരിന്റെ മൃദുത്വം വർദ്ധിപ്പിക്കുന്നതിനായി എൻ.സി.ആർ.എം.ഐ. യുടെ പുതിയ സാങ്കേതിക വിദ്യകൾ വികസിപ്പിച്ചുവരുന്നു.

കയർ പിരിക്കുന്നതിനുവേണ്ടി പരമ്പരാഗത റാട്ടുകൾക്കു പകരം ഉൽപ്പാദനക്ഷമത കൂടിയതും വിപണിയുടെ ആവശ്യത്തിനനുസരിച്ചുള്ള കയർ നിർമ്മിക്കുന്നതിനും വേണ്ടി അതിനൂതനമായ കയർപിരി യന്ത്രം എൻ.സി.ആർ.എം.ഐ. രൂപകൽപ്പന ചെയ്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കയർ ഭൂവസ്ത്രത്തിന്റെ വ്യത്യസ്ത ധർമ്മങ്ങൾ പഠിക്കുന്നതിനും അതിന്റെ ഉപയോഗ സാദ്ധ്യതകൾ വിശകലനം ചെയ്യുന്നതിനും വേണ്ടി എൻ.സി.ആർ.എം.ഐ. കാമ്പസിൽ ജി.റ്റി.ഡി.പി യുടെ ഭാഗമായി ജിയോ ടെക്സ്റ്റയിൽസ് പ്രോജക്ട് നടപ്പിലാക്കിവരുന്നു. മണ്ണൊലിപ്പ് തടയൽ, ചരിവ് പ്രദേശങ്ങളുടെ സംരക്ഷണം, താങ്ങ് ചുവർ നിർമ്മാണം, റോഡ് നിർമ്മാണം, റെഡിമെയ്ഡ് പുൽത്തകിടി നിർമ്മാണം തുടങ്ങിയ മേഖലകളിലാണ് ഊന്നൽ നൽകുന്നത്. കയർ ഭൂവസ്ത്രമുപയോഗിച്ച് മണ്ണൊലിപ്പ് തടയുന്നതിനും ചരിഞ്ഞ പ്രതലം ഉറപ്പാക്കുന്നതിനും വേണ്ട സാങ്കേതിക വിവരങ്ങൾ പി.ഡബ്ല്യു.ഡി ഡാറ്റാ ബുക്കിൽ ഉൾപ്പെടുത്തുവാൻ വേണ്ടിയുള്ള നടപടികൾ എൻ.സി.ആർ.എം.ഐ.-യുടെ നേതൃത്വത്തിൽ നടത്തിവരുന്നു. പാറയെ കയർ ഭൂവസ്ത്രവും ചകിരിച്ചോറും ഉപയോഗിച്ച് പുനരുജ്ജീവിപ്പിച്ച് കൃഷി ചെയ്യുന്നതിനുവേണ്ട ഗവേഷണം തുടങ്ങുന്നതിനാവശ്യമായ പ്രാഥമിക പ്രവർത്തനം നടന്നുവരുന്നു. പരിസര മലിനീകരണം പൂർണ്ണമായും ഒഴിവാക്കി സൂക്ഷ്മ ജീവികളെ ഉപയോഗിച്ച് ചകിരി മൃദുവാക്കുന്നതിനും നിറം വെള്ളയാക്കുന്നതിനും വേണ്ട ഗവേഷണം നടന്നുവരുന്നു. കൂടാതെ ഓട്ടോമാറ്റിക് വെതർ സ്റ്റേഷൻ വഴി ഡേറ്റ വിശകലനം ചെയ്ത് മറ്റ് റിസർച്ച് സ്ഥാപനങ്ങൾക്കാവശ്യമായി വരുന്ന സാങ്കേതിക സഹായം എൻ.സി.ആർ. എം.ഐ നൽകിവരുന്നു. മറ്റ് സ്ഥാപനങ്ങളിലെ പഠനങ്ങൾക്കാവശ്യമായി വരുന്ന പരീക്ഷണ നിരീക്ഷണങ്ങൾ എൻ.സി.ആർ.എം.ഐ.-യിൽ ഉത്തരവാദിത്വത്തോടുകൂടി ചെയ്തു കൊടുക്കുന്നു.

കയർ ഭൂവസ്ത്രത്തിന്റെ സാങ്കേതിക വിദ്യ എൻ സി.ആർ.എം.ഐ. മുഖേന കേരളത്തിലുടനീളം പ്രചരിപ്പിച്ചു വരികയാണ്. മുതുകുളം ബ്ലോക്ക് പഞ്ചായത്ത്, കുണ്ടറ ബ്ലോക്ക് പഞ്ചായത്ത്, ശബരിമല ചന്ദ്രാനന്ദൻ റോഡ് നിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ എൻ.സി.ആർ.എം.ഐ. യുടെ സാങ്കേതികോപദേശം മുഖേന നടപ്പിലാക്കിയവയാണ്. കൂടാതെ കയർ ഭൂവസ്ത്രത്തിന്റെ പ്രചരണവുമായി ബന്ധപ്പെട്ട് സെമിനാറുകൾ, വർക്ക്ഷോപ്പുകൾ മുതലായവ നടത്തിവരുന്നു.

എൻ.സി.ആർ.എം.ഐ. യുടെ ബ്രാൻഡ് ബിൽഡിംഗ് ഓഫ് കേരള കയർ എന്ന പദ്ധതിയുടെ ഭാഗമായി കേരളത്തിലെ കയറിന് ഒരു ബ്രാൻഡ് നാമം കേരള കയർ-ദൈവത്തിന്റെ നാട്ടിലെ സുവർണ്ണ നാര് നൽകി. കൂടാതെ കയർ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിലേയ്ക്ക് എൻ.സി.ആർ.എം:ഐ. ബ്രാൻഡ് സർട്ടിഫിക്കേഷൻ ഏജൻസിയായി പ്രവർത്തിച്ചുവരുന്നു.

കയർ വകുപ്പിലെ ഉദ്യോഗസ്ഥർക്കും പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്കും കയർ സൊസൈറ്റികളിലെ ജീവനക്കാർക്കും തൊഴിലാളികൾക്കും മറ്റ് ജീവനക്കാർക്കും കാര്യശേഷി വർദ്ധിപ്പിക്കുന്നതിനായി എൻ.സി.ആർ.എം.ഐ. പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നു. ഈ പരിശീലന പരിപാടി മൂന്നു ദിവസംമുതൽ അഞ്ച് ദിവസംവരെ നീണ്ടു നിൽക്കുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

എൻ.സി.ആർ.എം.ഐ. യുടെ കൊല്ലത്തുള്ള ഹൈടെക് പാർക്ക് വഴി കയർ മേഖലയിലെ സ്ത്രീ തൊഴിലാളികൾക്ക് കയർപിരി പരിശീലനം നൽകി കഴിഞ്ഞു. കൂടാതെ വിവിധ ബ്ളോക്ക് പഞ്ചായത്തുകളിൽ എസ്.ജി.എസ്.വൈ. പദ്ധതി പ്രകാരം കയർപിരി/കയർ ഉൽപ്പന്ന നിർമ്മാണ പരിശീലനവും നൽകി മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളിലും എൻ.സി.ആർ.എം.ഐ. വഴി കയർപിരി പരിശീലനം നൽകി കഴിഞ്ഞു. കാലക്രമേണ മാർക്കറ്റിൽ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന പരമ്പരാഗത കയർ ഉൽപ്പന്നങ്ങളായ ഫൈബർ മാറ്റ്, മോർസുക് കാർപ്പറ്റ്, കയർ ഫെൻഡർ എന്നിവയുടെ പരിശീലനം എൻ.സി.ആർ.എം.ഐ. കേരള സ്റ്റേറ്റ് കയർ കോർപ്പറേഷനുമായി സംയോജിച്ച് നടത്തി വരുന്നു. കൂടാതെ കയർ ബോർഡ് രൂപകൽപ്പന ചെയ്ത അനുഗ്രഹ ലൂം ഉപയോഗിച്ച് കയർ തൊഴിലാളികൾക്ക് കയർ ഭൂവസ്ത്രം നിർമ്മിക്കുന്നതിനുള്ള പരിശീലനവും നൽകിക്കഴിഞ്ഞു.

എൻ.സി.ആർ.എം.ഐ. വിവിധ ഏജൻസികളുമായി ചേർന്ന് വിവിധ തരത്തിലുള്ള ഗവേഷണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. കയർ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന്റെ ഭാഗമായി റബ്ബറിൽ കയർ പിത്ത് ഫില്ലർ മെറ്റീരിയൽ ആയി ഉപയോഗിക്കുന്നതിനു വേണ്ടിയുള്ള ഗവേഷണം നടത്തുകയും അതിന്റെ ഫലമായി ചവിട്ടി, ചെരുപ്പ് തുടങ്ങിയ ഉൽപ്പന്നങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഗവേഷണം വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.

2. കയറും റബ്ബറും സംയോജിപ്പിച്ച് ഫ്ളോർ ടൈൽസ്, റൂഫ് ടൈൽസ് റിജിഡ് പാനൽ എന്നിവ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടിയുള്ള ഗവേഷണം നടന്നുവരുന്നു. കൂടാതെ കയർ റബ്ബർ മിശ്രിതം ഉപയോഗിച്ച് സീറ്റ്, എൻജിൻ മൗണ്ട് തുടങ്ങിയ വാഹന സാമഗ്രികളുടെ ഉൽപ്പാദനത്തിനുവേണ്ടിയുള്ള ശാസ്ത്രിയ പഠനവും ഇതിൽ ഉൾപ്പെടുന്നു.

3. ഉണക്ക തൊണ്ടിൽ കൂൺ കൃഷി നടത്തി അതുവഴി തൊണ്ട് ചീയൽ പ്രക്രിയയും ചകിരിയെ മാർദ്ദവമാക്കി മാറ്റുന്നതിനുള്ള ഗവേഷണവും നടത്തിവരുന്നു. ഇതിൽകൂടി കൂൺ കൃഷി വിപുലപ്പെടുത്താനും സാധിക്കുന്നു.

4. കയർ ജിയോടെക്സ്റ്റയിൽ ഉപയോഗിച്ച് മലിനജലം ശുദ്ധീകരണ പ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ഒരു സംവിധാനം വികസിപ്പിച്ചുവരുന്നു.

(സി) എൻ.സി.ആർ.എം.ഐ. വികസിപ്പിച്ചെടുത്ത ചകിരി വേർതിരിക്കൽ യന്ത്രം വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ചുനൽകി തുടങ്ങിയിട്ടുണ്ട്. ഇതോടനുബന്ധിച്ച് നൂറിൽപ്പരം യന്ത്രങ്ങൾ കയർ മേഖലക്ക് നൽകിക്കഴിഞ്ഞു.

എൻ.സി.ആർ.എം.ഐ യുടെ ഗവേഷണ പ്രവർത്തനങ്ങൾ മുഖേന വികസിപ്പിച്ചെടുത്ത സങ്കരയാൺ (കോട്ടൺ ഫൈബർ, ജൂട്ട് ഫൈബർ & ചകിരി) കൊണ്ടു നിർമ്മിച്ച ലേഡീസ് ബാഗ്, ഹാന്റ് ബാഗ്, ടേബിൾ മാറ്റ്,

LIBRARY ARCHIVES Kerala Legislative Assembly

ബഡ്സൈഡ് റഗ് തുടങ്ങിയ ഉൽപ്പന്നങ്ങൾ. വ്യാവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിച്ച് ഫോം മാറ്റിംഗ്സ് (ഇന്ത്യ) ലി. മുഖേന വിൽക്കുന്നുണ്ട്.

കയർ പിത്ത് ഫില്ലർ മെറ്റീരിയലായി ഉപയോഗിച്ചുകൊണ്ടുള്ള ചവിട്ടി, ചെരുപ്പ് മുതലായവ വ്യാവസായികാടിസ്ഥാനത്തിൽ നിർമ്മിച്ച് ഫോം മാറ്റിംഗ്സ് (ഇന്ത്യ) മുഖേന നൽകുന്നുണ്ട്.

കയർ ഭൂവസ്ത്രത്തിന്റെ ഉപഭോഗം കൂട്ടുന്നതിനായി എൻ.സി.ആർ. എം.ഐ വിവിധ ഗവൺമെന്റ് പദ്ധതികൾക്ക് (NREGS, LSGD മുതലായവ) വേണ്ടി സാങ്കേതികോപദേശം നൽകി വരുന്നു. ഇതിന്റെ ഭാഗമായി പൊതു മേഖലാ സ്ഥാപനങ്ങളുടെ സ്വദേശ വിപണി വിപുലീകരിക്കാൻ സാധിച്ചു.

എൻ.സി.ആർ.എം.ഐ. പ്രദർശന മേളകൾ, ശിൽപശാലകൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കുകയും പങ്കെടുക്കുകയും ചെയ്തുകൊണ്ട് കയർ മേഖലയിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നു. കൂടാതെ സാങ്കേതികോപദേശങ്ങളും നൽകിവരുന്നു.

**കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ**

**46 (4101)** ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് സേവന വേതന വ്യവസ്ഥകൾ പരിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) ഇവർക്ക് ലഭിക്കുന്ന ശമ്പളം എത്രയാണ് ;

(സി) ഇവരുടെ സേവനവേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കുന്നതിന് സർക്കാർ നടപടികൾ സ്വീകരിക്കുമോ ;

(ഡി) ഇവർക്ക് പെൻഷൻ അനുവദിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇല്ല

(ബി) കയർ മേഖലയിലെ സഹകരണ സംഘങ്ങൾ വിവിധ വിഭാഗത്തിൽപ്പെടുന്നവയാണ്. അതായത് കയർ വ്യവസായ മാറ്റ്സ് ആന്റ് മാറ്റിംഗ്, ചെറുകിട ഉൽപ്പാദക യന്ത്രവൽകൃത ചകിരി നിർമ്മാണം തുടങ്ങിയ വിഭാഗങ്ങളിൽപ്പെട്ട സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ ശമ്പളം ഏകീകൃത സ്വഭാവത്തിലുള്ളവയല്ല. ഏറ്റവും കുറഞ്ഞ ശമ്പളം 750 രൂപയാണ് ആദ്യ നിയമനത്തിന് നഷ്ടത്തിൽ പ്രവർത്തിക്കുന്ന കയർ വ്യവസായ സഹകരണ സംഘം സെക്രട്ടറിക്ക് നൽകുന്നത്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) സഹകരണ പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്തുന്ന കാര്യം പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly